പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2291 09.12.2014-ൽ മറുപടിക്ക്

## ശബരി റെയിൽ

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിലിന്റെ കാലടി റെയിൽവേ സ്റ്റേഷൻ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനു കാരണമെന്തെന്നു വിശദമാക്കാമോ; | (എ) | അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. ലെവൽ ക്രോസിംഗുകളിൽ അണ്ടർ പാസുകളുടേയും ഓവർ ബ്രിഡ്ജുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി റെയിൽവേ ലൈനിന്റെ ഉയരത്തിൽ അൽപ്പം വ്യത്യാസം വരുത്തേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. |
| (ബി) | ഇത് എന്നത്തേയ്ക്കു പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 31.12.2014-നകം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (സി) | അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്? | (സി) | രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്ന് അങ്കമാലി എയർപോർട്ട് റോഡിൽ മനയ്ക്കപ്പടിയും മറ്റൊന്ന് നായത്തോടുമാണ്. |

സെക്ഷൻ ഓഫീസർ